**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 236 — 07.08.2017 ൽ മറുപടിക്ക്

## ഒഴലപ്പതി പ്രാഥമികാരോഗ്യകേന്ദ്രത്തിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഒഴലപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II - 2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ആകെ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതിയ്ക്കായി 2300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ